ശബരി റെയിൽപാത

120 (487) ശ്രീ. സാജു പോൾ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരി റെയിൽപാതയുടെ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ;

(ബി) ശബരി റെയിൽപാത സംസ്ഥാനത്തിന്റെ പൊതു വികസനത്തിനടക്കം ഏറെ പ്രയോജനകരമാണെന്നതു കൂടി കണക്കിലെടുത്ത് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തു നിന്നും വേണ്ടത്ര ജാഗ്രത കാട്ടുന്നില്ല എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) ശബരി പദ്ധതി പ്രഖ്യാപിച്ചത് ഏത് വർഷത്തെ റെയിൽ ബഡ്ജറ്റിലാണെന്നും, അതിനുശേഷമുള്ള ബഡ്ജറ്റുകളിൽ പദ്ധതിക്കാവശ്യമായ തുക വകയിരുത്തുന്നതിന് വേണ്ട എന്തെങ്കിലും നടപടികൾ ആവശ്യമായ സമയത്ത് സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ഡി) ഇന്നത്തെ സാഹചര്യത്തിൽ ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിലെ തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അങ്കമാലി-ശബരി റെയിൽപ്പാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അങ്കമാലി-കാലടി സെക്ഷനിൽ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. പെരിയാർ പാലത്തിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. കാലടിക്കും പെരുമ്പാവൂരിനുമിടയിൽ എർത്ത് വർക്ക് പുരോഗതിയിലാണ്.

(ബി) ജാഗ്രത പുലർത്തുന്നുണ്ട്. റെയിൽവേ നിഷ്കർഷിച്ച പ്രകാരം നിർമ്മാണ ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(സി) 1997-98 റെയിൽവേ ബഡ്ജറ്റിലാണ് ശബരി റെയിൽ പദ്ധതി പ്രഖ്യാപിച്ചത്. റെയിൽവേയും കേന്ദ്ര സർക്കാരിനും നൽകുന്ന മെമ്മോറാണ്ടങ്ങളിൽ പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നതോടൊപ്പംതന്നെ സംസ്ഥാനത്ത് നിന്നുള്ള എം.പി.-മാർ മുഖാന്തരം പലതവണ പ്രസ്തുത ആവശ്യം ഉന്നതതലങ്ങളിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റെയിൽവേ നിശ്ചയിച്ചത് പ്രകാരം പ്രോജക്ട് കോസ്റ്റിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ച് റെയിൽവേയെ അറിയിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ റെയിൽവേ ലൈനിന്റെ അലൈൻമെന്റ് നിശ്ചയിച്ച് റെയിൽവേയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് തടസ്സങ്ങൾ ഒന്നുംതന്നെയില്ല.

രാജ്യറാണി എക്സ്പ്രസ്സ്

121 (488) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ റോഡ്-തിരുവനന്തപുരം റൂട്ടിൽ സർവ്വീസ് നടത്തുന്ന രാജ്യറാണി എക്സ്പ്രസ്സ് സ്വതന്ത്ര ട്രെയിനാക്കി മാറ്റണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ രാജ്യറാണി എക്സ്പ്രസ്സ് സ്വതന്ത്ര ട്രെയിനാക്കി മാറ്റുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ;

(സി) സ്വതന്ത്ര ട്രെയിനാക്കുന്നതിന് കഴിയില്ലെങ്കിൽ രാജ്യറാണി എക്സ്പ്രസ്സിൽ അധിക ബോഗി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം കേന്ദ്രത്തോട് നിരന്തരമായി ആവശ്യപ്പെട്ടിരുന്നു. 2015-16 റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാർ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ഇക്കാര്യം ഉൾപ്പെടുത്തിയിരുന്നു. 2016-17 റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാർ സമർപ്പിക്കുന്ന മെമ്മോറാണ്ടത്തിലും ഇക്കാര്യം ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇക്കാര്യം ഇതിനകംതന്നെ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്.

റെയിൽ പദ്ധതികൾ

122 (489) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ കേന്ദ്ര സർക്കാർ അധികാരത്തിൽ വന്നശേഷം പാർലമെന്റ് അംഗങ്ങൾ കേരള സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ കണക്കിലെടുത്ത് എഴുതി നൽകിയ ഏതൊക്കെ റെയിൽ പദ്ധതികൾക്ക് കേന്ദ്രം അനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly